## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2844 20.06.2013 ൽ മറുപടിക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സബ്സിഡിയോടെ വിൽപ്പന നടത്തിയിരുന്ന സാധനങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. വി. ശശി:

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

(എ) മുൻ സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ വഴി ഏതെല്ലാം സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; റേഷൻ കാർഡ് ഒന്നിന് എത്ര അളവിലാണ് സാധനങ്ങൾ നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ;

(എ) മുൻ സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി താഴെ പറയുന്ന സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു.

| ക്രമ നമ്പർ | ഇനം | സബ്സിഡി വില | ഒരു റേഷൻ കാർഡിന് ഒരു മാസം നൽകുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ഉഴുന്ന് (ബോൾ) | 36.00 | 1 കി.ഗ്രാം |
| 2 | ഉഴുന്ന് (പിളർന്നത്) | 31.00 | 1 കി.ഗ്രാം |
| 3 | ചെറുപയർ | 28.00 | 1 കി.ഗ്രാം |
| 4 | കടല | 20.00 | 1 കി.ഗ്രാം |
| 5 | വൻപയർ | 26.50 | 1 കി.ഗ്രാം |
| 6 | തുവരപ്പരിപ്പ് | 34.00 | 1 കി.ഗ്രാം |
| 7 | പീസ്പരിപ്പ് | 18.00 | 1 കി.ഗ്രാം |
| 8 | മുളക് | 45.00 | 500 ഗ്രാം |
| 9 | മല്ലി | 45.90 | 500 ഗ്രാം |
| 10 | ജീരകം | 96.00 | 100 ഗ്രാം |
| 11 | കടുക് | 22.00 | 100 ഗ്രാം |
| 12 | ഉലുവ | 28.00 | 100 ഗ്രാം |
| 13 | പഞ്ചസാര | 25.00 | 1 കി.ഗ്രാം |
| 14 | അരി (മട്ട അരി, പച്ചരി, ബോധന അരി) | 16.00 | എല്ലാ ഇനങ്ങളും ഉൾപ്പെടെ 10 കി.ഗ്രാം |

2006 - 2010 കാലഘട്ടത്തിൽ ചെറുപയർ, കടല എന്നിവ ഭാരത സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. അങ്ങനെ സബ്സിഡിയിൽ ലഭിച്ചിരുന്നപ്പോൾ ചെറുപയർ 28 രൂപയ്ക്കും കടല 20 രൂപയ്ക്കും വിറ്റഴിച്ചിരുന്നു. ആ സ്കീം 2010 ൽ നിർത്തലാക്കിയതിനുശേഷം ഇവ ടെൻഡർ വഴി വാങ്ങുന്ന വിലയോടൊപ്പം കടത്തുകൂലി കൈകാര്യ ചെലവുകൾ എന്നിവ ചേർത്ത് ഫ്രീ സെയിൽ സബ്സിഡി നിരക്കിലാണ് വിറ്റുകൊണ്ടിരുന്നത്. ഇങ്ങനെ വിറ്റപ്പോൾ 2011 മെയ് മാസത്തെ ചെറുപയറിന്റെ വിൽപ്പന വില 63.30 രൂപയും കടല 31.90 രൂപയും ആയിരുന്നു. ഇപ്പോൾ ഇവ യഥാക്രമം 49.00 രൂപ, 44.00 രൂപ എന്നിവയ്ക്കാണ് സബ്സിഡി നിരക്കിൽ വിൽക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിവരുന്നുവെന്നും റേഷൻ കാർഡ് ഒന്നിന് ഓരോ സാധനങ്ങളും എത്ര അളവിൽ നൽകി വരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 06.07.2012 ലെ **G.O.MS.No. 17/12/F&CSD** പ്രകാരം സബ്സിഡി നൽകുന്ന ഇനങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി. ഉലുവ, കടുക്, ജീരകം, പീസ് പരിപ്പ്, ഉഴുന്ന് പിളർന്നത്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിൽ വളരെ വ്യാപകമായി ഉപയോഗിക്കുന്ന ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നീ നിത്യോപയോഗ സാധനങ്ങൾ മേൽ പറഞ്ഞ ഗവൺമെന്റ് ഉത്തരവ് പ്രകാരം സബ്സിഡി നിരക്കിൽ വിതരണം ആരംഭിച്ചിട്ടുണ്ട്.

നാമമാത്രമായ ഉപഭോഗമുള്ള ജീരകം, കടുക്, ഉലുവ തുടങ്ങിയ സാധനങ്ങൾക്ക് പകരം കേരളത്തിലെ ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ളതും ഉപഭോഗം കൂടുതലുള്ളതുമായ വെളിച്ചെണ്ണ, ജയ അരി, കുറുവ അരി എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക വഴി ഈ പദ്ധതി

പൊതു ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായി പരിഷ്കരിച്ചു.

കൂടാതെ OMSS പ്രകാരം പുഴുക്കലരി 19.50, പച്ചരി 21.00 രൂപ നിരക്കിലും വിതരണം ചെയ്യുന്നു.

നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളും അവയുടെ വിലയും ഒരു റേഷൻ കാർഡിന് ഒരു മാസം പരമാവധി നൽകാവുന്ന അളവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വില കി. ഗ്രാമിന് | ഒരു റേഷൻ കാർഡിന് ഒരു മാസം നൽകുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ | 49.00 | 1 കി.ഗ്രാം |
| 2 | ഉഴുന്ന് (ബോൾ) | 36.00 | 1 കി.ഗ്രാം |
| 3 | വൻകടല | 44.00 | 1 കി.ഗ്രാം |
| 4 | വൻപയർ | 26.50 | 1 കി.ഗ്രാം |
| 5 | തുവരപ്പരിപ്പ് | 34.00 | 1 കി.ഗ്രാം |
| 6 | മുളക് | 45.00 | 500 ഗ്രാം |
| 7 | മല്ലി | 45.90 | 500 ഗ്രാം |
| 8 | പഞ്ചസാര | 25.00 | 1 കി.ഗ്രാം |
| 9 | ജയ അരി | 21.00 | എല്ലാ ഇനവും കൂടി 20 കി.ഗ്രാം |
| 10 | കുറുവ അരി | 19.00 | |
| 11 | മട്ട അരി | 16.00 | |
| 12 | പച്ചരി സോർട്ടക്സ് | 16.00 | |
| 13 | വെളിച്ചെണ്ണ | 62.00 | 1 ലിറ്റർ |

(സി) മുൻ സർക്കാരിന്റെ അവസാന രണ്ടു വർഷങ്ങളിൽ ഓരോ വർഷവും സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ സബ്സിഡി ഇനത്തിൽ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2009 - 10 സാമ്പത്തിക വർഷം 83 കോടി രൂപയും 2010 - 11 സാമ്പത്തിക വർഷം 76.31 കോടി രൂപയും വിപണിയിടപെടലിനായി സബ്സിഡി ഇനത്തിൽ സർക്കാർ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ സബ്സിഡി ഇനത്തിൽ നൽകിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ?

(ഡി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ സബ്സിഡി ഇനത്തിൽ സർക്കാർ സപ്ലൈകോയ്ക്ക് നൽകിയ തുക ഇപ്രകാരമാണ്.

| | |
|---|---|
| 2011 - 12 | 118.35 കോടി രൂപ |
| 2012 - 13 | 135.00 കോടി രൂപ |

2013 - 14 ബഡ്ജറ്റിൽ സപ്ലൈകോയ്ക്ക് 60 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ